REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 23-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **നിലമ്പൂരിൽ UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വിജയത്തിലേക്ക് - 76,000 ത്തിലേറെ വോട്ട് നേടിയ ഷൗക്കത്തിന്റെ ലീഡ് 11,000 പിന്നിട്ടു .**
- **നിലമ്പൂരിലേത് ഗവൺമെന്റ് വിരുദ്ധ വികാരമാണെന്ന് UDF നേതാക്കൾ. ഭരണ വിരുദ്ധ വികാരമായി വിലയിരുത്തുന്നില്ലെന്ന് LDF സ്ഥാനാർത്ഥി M സ്വരാജ്.**
- **കനിഷ്ക വിമാന ദുരന്തത്തിന്റെ 40-ാം വാർഷിക ദിനത്തിൽ കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ ജീവൻ നഷ്ടപ്പെട്ടവർക്ക് സ്മരണാഞ്ജലി അർപ്പിച്ചു.**
- **സ്കൂൾ പരിസരങ്ങളിൽ കുട്ടികൾക്ക് ഗുണനിലവാരമില്ലാത്ത ഭക്ഷ്യ സാധങ്ങൾ വിൽക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി വീണാ ജോർജ്**
- **ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം. ജില്ലകളിൽ വിപുലമായ പരിപാടികൾ.**

## വാർത്തകൾ വിശദമായി

നിലമ്പൂർ ആർക്കൊപ്പമെന്ന് അല്പസമയത്തിനകം അറിയാം. വോട്ടെണ്ണൽ കുറഞ്ഞ റൗണ്ടുകൾ മാത്രം ശേഷിക്കുമ്പോൾ UDF ലെ ആര്യാടൻ ഷൗക്കത്ത് വ്യക്തമായ ആധിപത്യം നേടിക്കഴിഞ്ഞു. LDF സ്ഥാനാർത്ഥി CPIM ലെ M സ്വരാജിനേക്കാൾ പതിനായിരത്തിലേറെ വോട്ടിന് മുന്നിലാണ് അദ്ദേഹം. കക്ഷിരഹിത സ്ഥാനാർത്ഥി PV അൻവർ 18,000 ത്തോളം വോട്ടുകളും നേടി. NDA സ്ഥാനാർത്ഥി മോഹൻ ജോർജ് 7,600 ഓളം വോട്ടാണ് നേടിയത്.

വോട്ടെണ്ണലിന്റെ തുടക്കം മുതൽ മുന്നിട്ടു നിന്ന ആര്യാടൻ ഷൗക്കത്ത് പത്ത് റൗണ്ട് പിന്നിട്ട ശേഷമാണ് വ്യക്തമായ ലീഡിലേക്ക് നീങ്ങിയത്.

കൂടുതൽ വിവരങ്ങളുമായി മലപ്പുറം ജില്ലാ പ്രതിനിധി M സുരേഷ് ബാബു.

........( വോയ്സ്)..............

✪✪✪

സംസ്ഥാന ഭരണത്തിനെതിരായ വികാരമാണ് നിലമ്പൂരിൽ പ്രതിഫലിക്കുന്നതെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അഭിപ്രായപ്പെട്ടു. UDF വോട്ട് അൻവർ ചോർത്തിയോ എന്ന് പരിശോധിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

അൻവറിനു മുന്നിൽ UDF വാതിലടച്ചിട്ടില്ലെന്നും സണ്ണി ജോസഫ് അറിയിച്ചു. അൻവർ ഒപ്പമുണ്ടായിരുന്നെങ്കിൽ കൂടുതൽ നല്ല ഫലം ഉണ്ടാകുമായിരുന്നെന്ന് സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ഭരണവിരുദ്ധ വികാരമാണ് നിലമ്പൂരിൽ കണ്ടതെന്ന് മുസ്‌ലിംലീഗ് അഖിലേന്ത്യ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി വിലയിരുത്തി. മുൻപ് UDF രണ്ട് തവണ തോറ്റ നിലമ്പൂരിൽ ഒരു വോട്ടിന് പോലും UDF ജയിച്ചാൽ അത് ഭരണവിരുദ്ധ വികാരം തന്നെയായിരിക്കുമെന്നും കുഞ്ഞാലിക്കുട്ടി വ്യക്തമാക്കി.

അൻവറിനെക്കുറിച്ച് KPCC പ്രസിഡണ്ട് നടത്തിയ പരാമർശത്തോട് വിഷയം ചർച്ച ചെയ്യേണ്ടത് മുന്നണിയ്ക്കുള്ളിലാണെന്നും തിരഞ്ഞെടുപ്പിനുശേഷം എല്ലാ സാഹചര്യങ്ങളും പരിശോധിച്ച് UDF തീരുമാനമെടുക്കുമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

നിലമ്പൂരിൽ UDF ന്റെ മുന്നേറ്റം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് UDF കൺവീനർ അടൂർ പ്രകാശ് പറഞ്ഞു. അൻവറിന്റെ സാന്നിധ്യമല്ല UDF നെ വിജയത്തിലേക്കു നയിക്കുന്നതെന്നും അടൂർ പ്രകാശ് മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

നിലമ്പൂരിലെ മുന്നേറ്റത്തിൽ UDF നേതാക്കളെ മുതിർന്ന നേതാവ് A.K.ആന്റണി അഭിനന്ദിച്ചു. ഒരു മനസ്സോടെ പ്രവർത്തിച്ചാൽ വിജയിക്കും എന്നതിന്റെ തെളിവാണ് നിലമ്പൂരിലേതെന്ന് കോൺഗ്രസ് നേതാവ് K

മുരളീധരനും അഭിപ്രായപ്പെട്ടു. ഗവൺമെന്റിന്റെ ദുഷ്ചെയ്തികൾക്കെതിരെ ജനങ്ങൾ കൃത്യമായി പ്രതികരിച്ചതായി KC.വേണുഗോപാൽ അഭിപ്രായപ്പെട്ടു.

✪✪✪

നിലമ്പൂരിലേത് ഭരണ വിരുദ്ധ വികാരമാണെന്ന് വിലയിരുത്തുന്നില്ലെന്ന് LDF സ്ഥാനാർത്ഥി M സ്വരാജ് പറഞ്ഞു. ജനങ്ങൾ വോട്ടു ചെയ്തത് വികസനം വിലയിരുത്തിയാണെന്ന കരുതുന്നില്ല. നിലമ്പൂരിലേത് രാഷ്ട്രീയപോരാട്ടമാക്കാനാണ് LDF ശ്രമിച്ചത്. ഉയർന്ന ജനാധിപത്യ സംവാദമെന്ന നിലയിൽ തിരഞ്ഞെടുപ്പിനെ കൊണ്ടുവരാൻ സാധിച്ചെന്നും അദ്ദേഹം പറഞ്ഞു. വിവാദങ്ങൾക്ക് പിടികൊടുക്കുന്നതിനു പകരം വികസന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്തത്. അത് ജനങ്ങൾക്ക് ബോധ്യപ്പെട്ടോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നും സ്വരാജ് പറഞ്ഞു. വർഗ്ഗീയവാദികളുടെ വോട്ടിന് ഒരു തരത്തിലും LDF ശ്രമിച്ചില്ലെന്നും സ്വരാജ് വ്യക്തമാക്കി.

✪✪✪

മൂന്ന് സംസ്ഥാനങ്ങളിൽ നാലു നിയമസഭാ സീറ്റുകളിലെ ഉപതെരഞ്ഞെടുപ്പ് വോട്ടെണ്ണലും പുരോഗമിക്കുകയാണ്. ഗുജറാത്തിലെ വിസാവാദറിലും പഞ്ചാബിലെ ലുധിയാനയിലും ആം ആദ്മി പാർട്ടി ലീഡ് ചെയ്യുന്നു. ഗുജറാത്തിലെ കാഡിയിൽ ബി.ജെ.പിയും പശ്ചിമബംഗാളിലെ കാളിഗഞ്ചിൽ തൃണമൂൽ കോൺഗ്രസും മുന്നേറുകയാണെന്നാണ് ഒടുവിൽ കിട്ടിയ വിവരം.

വിസവാദറിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി ഇറ്റാലിയ ഗോപാൽ 9,678 വോട്ടിന്റെ ലീഡ് നേടി. ഇറ്റാലിയ ഗോപാൽ 47095-ഉം BJP യുടെ കിരിത് പട്ടേലിന് 37417-ഉം കോൺഗ്രസ് സ്ഥാനാർത്ഥി നിതിൻ രാൺപരിയ 4017-ഉം വോട്ടുകൾ നേടി.

ഗുജറാത്തിലെ കാഡിയിൽ ബി.ജെ.പി സ്ഥാനാർത്ഥി രാജേന്ദ്രകുമാർ 29367 വോട്ടിനും പഞ്ചാബിലെ ലുധിയാനയിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി സഞ്ജീവ് അറോറ 3272 വോട്ടിനും പശ്ചിമബംഗാളിലെ കാളിഗഞ്ചിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥി അലിഫ അഹമ്മദ് 19164 വോട്ടിനും മുന്നിട്ടു നിൽക്കുന്നു.

✪✪✪

ഭാരതീയ ജനസംഘം സ്ഥാപക നേതാവും മുൻകേന്ദ്രമന്ത്രിയുമായ ഡോ.ശ്യാമപ്രസാദ് മുഖർജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്രനിർമാണത്തിന് ശ്യാമപ്രസാദ്

മുഖർജി നൽകിയ വിലമതിക്കാനാവാത്ത സംഭാവനകൾ ആദരവോടെ ഓർമിക്കപ്പെടുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു.

ന്യൂഡൽഹിയിൽ BJP ആസ്ഥാനത്ത് പാർട്ടി ദേശീയ അധ്യക്ഷൻ JP നദ്ദയും ശ്യാമപ്രസാദിന്റെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

✪✪✪

ഇറാനിലെ മഷാദിൽ നിന്ന് പ്രത്യേക വിമാനത്തിൽ ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തിയ 285 അംഗ ഇന്ത്യൻ സംഘത്തെ കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റ സ്വാഗതം ചെയ്തു. ഓപ്പറേഷൻ സിന്ധുവിലുൾപ്പെട്ട് ഇതുവരെ 1,713 പേരെ ഒഴിപ്പിച്ചതായി അദ്ദേഹം പറഞ്ഞു.

✪✪✪

ഇസ്രയേലിൽ നിന്ന് മടങ്ങാനാഗ്രഹിക്കുന്ന ശ്രീലങ്കൻ പൗരന്മാർക്ക് ഇന്ത്യ അമ്മാനിൽ നിന്ന് ന്യൂഡൽഹിയിലേക്ക് സൗജന്യയാത്ര അനുവദിച്ചു. ടെൽ അവീവിൽ നിന്ന് അമ്മാനിലേക്കും സൗജന്യമായി ഇന്ത്യ ഗതാഗത സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ഇസ്രയേലിലെ ശ്രീലങ്കൻ എംബസി അറിയിച്ചു. എന്നാൽ ന്യൂഡൽഹിയിൽ നിന്ന് കൊളംബോയിലേക്ക് ശ്രീലങ്കൻ പൗരന്മാർ സ്വന്തം ചെലവിൽ യാത്ര ചെയ്യണം. ഇന്നും നാളെയും ശ്രീലങ്കൻ എംബസിയിൽ രജിസ്റ്റർ ചെയ്തവർക്കായിരിക്കും സൗജന്യയാത്ര.

✪✪✪

ഇറാനെതിരെ സൈനിക നീക്കം നടത്തിയ അമേരിക്കൻ തീരുമാനത്തെ ഓസ്ട്രേലിയ പിന്തുണച്ചു. സംഘർഷം ലഘൂകരിക്കേണ്ടത് ആവശ്യമാണെന്നും ഇറാനെ ആണവായുധം വികസിപ്പിക്കാൻ അനുവദിക്കില്ലെന്നും ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ് പറഞ്ഞു.

✪✪✪

ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടിയുടെ ഇന്ന് ആരംഭിക്കാനിരുന്ന ഇന്ത്യാ സന്ദർശനം മാറ്റിവച്ചു. പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനം. ഈ വർഷം ഇത് രണ്ടാം തവണയാണ് ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ഇന്ത്യാ സന്ദർശനം മാറ്റിവയ്ക്കുന്നത്.

✪✪✪

ആഗോള പെട്രോളിയം വിലയിൽ വൻ കുതിപ്പ്. ബാരലിന് 79 ഡോളറെന്ന കഴിഞ്ഞ അഞ്ചു മാസത്തെ ഏറ്റവും ഉയർന്ന വില രാവിലെ രേഖപ്പെടുത്തി. അമേരിക്ക, ഇറാൻ ആണവ കേന്ദ്രങ്ങൾക്കു നേരെ നടത്തിയ ആക്രമണവും,

തുടർന്ന ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടാൻ ഇറാൻ തീരുമാനിച്ചതുമാണ് വിലക്കയറ്റത്തിനു കാരണം. അഞ്ചു ശതമാനത്തോളമാണ് എണ്ണവില കൂടിയത്.

✪✪✪

കനിഷ്ക വിമാന ദുരന്തത്തിന്റെ 40-ാം വാർഷിക ദിനത്തിൽ കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ ജീവൻ നഷ്ടപ്പെട്ട 329 പേർക്ക് സ്മരണാഞ്ജലി അർപ്പിച്ചു. ഭീകരപ്രവർത്തനത്തിന്റെ ക്രൗര്യരൂപമായിരുന്നു അന്നത്തെ വിമാനസ്ഫോടനമെന്ന് ഡോ. ജയശങ്കർ പറഞ്ഞു. 1985 ജൂൺ 23 നാണ് കാനഡയിലെ മോൺട്രിയാലിൽ നിന്ന് ലണ്ടനിലേക്ക് വരികയായിരുന്ന എയർ ഇന്ത്യ വിമാനം ഭീകരവാദികൾ ബോംബ് വെച്ച് തകർത്തത്. ഖാലിസ്ഥാനി ഭീകരവാദികളായിരുന്നു ആക്രമണത്തിനു പിന്നിൽ. ഭീകരപ്രവർത്തനങ്ങൾക്കു നേരെ രാജ്യം ഒട്ടും സഹിഷ്ണുത പുലർത്തരുത് എന്ന നിലപാടിനെ സാധൂകരിക്കുന്നതാണ് കനിഷ്ക ദുരന്തമെന്നും ജയശങ്കർ വിശദീകരിച്ചു.

✪✪✪

ഇന്ന് ഐക്യരാഷ്ട്ര സംഘടനാ പൊതുസേവന ദിനം. ആഗോളതലത്തിൽ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ പൊതുപ്രവർത്തകരുടെ സംഭാവനകളെ ആദരിക്കുന്നതിനാണ് എല്ലാവർഷവും ജൂൺ 23ന് UN പൊതുസേവന ദിനം ആചരിക്കുന്നത്.

✪✪✪

സ്കൂൾ പരിസരങ്ങളിൽ കുട്ടികളെ ലക്ഷ്യമിട്ട് ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വ്യാപാരസ്ഥാപനങ്ങളിൽ ഇതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രത്യേക പരിശോധനകൾ ആരംഭിച്ചതായി മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. സംസ്ഥാനത്തെ 1,502 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, 325 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

മുൻമുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ VS അച്യുതാനന്ദനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഹൃദയാഘാതത്തെ തുർന്ന് രാവിലെയാണ് അദ്ദേഹത്തെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യനില തൃപ്തികരമെന്നാണ് വിവരം.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം. കായികമേഖലയിലും ആരോഗ്യകരമായ ജീവിതശൈലിയിലും ജനങ്ങളെ ആകർഷിക്കുന്നതിനാണ് എല്ലാവർഷവും ജൂൺ 23 അന്താരാഷ്ട്ര ഒളിമ്പിക് ദിനമായി ആചരിക്കുന്നത്. 'കൂടുതൽ പ്രചോദനത്തിനും കൂട്ടായ്മക്കും സന്തോഷത്തിനും വേണ്ടി നമുക്ക് ഒന്നിച്ച് നീങ്ങാം' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

അന്താരാഷ്ട്ര ഒളിമ്പിക് ദിനത്തിന്റെ ഭാഗമായി കേരള ഒളിമ്പിക് അസോസിയേഷൻ "കായികക്ഷമത വളർത്താം, ലഹരിയെ ഒഴിവാക്കാം' എന്ന സന്ദേശവുമായി സംസ്ഥാനത്ത് ഇന്ന് കൂട്ടയോട്ടം സംഘടിപ്പിക്കും. തിരുവനന്തപുരം മാനവീയം വീഥിയിൽ വൈകിട്ട് കൂട്ടയോട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്യും. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് P.T ഉഷ, മന്ത്രിമാരായ V ശിവൻകുട്ടി, M.B രാജേഷ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് U ഷറഫലി എന്നിവർ പങ്കെടുക്കും.

കോഴിക്കോട്ട് ഒളിമ്പിക് ദിനാചരണം വൈകീട്ട് മാനാഞ്ചിറ സ്ക്വയറിൽ മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കലക്ടർ സ്നേഹിൽകുമാർ സിംഗ് ഒളിമ്പിക് ദീപശിഖ തെളിക്കും.

കണ്ണൂർ ജില്ലാ ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ രാവിലെ കണ്ണൂരിൽ ഒളിംപിക് റൺ സംഘടിപ്പിച്ചു.

പാലക്കാട് ജില്ലാ ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ നഗരത്തിൽ ദീപശിഖാ റാലി സംഘടിപ്പിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

....(വോയ്സ്).......

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ഇന്നിങ്സിൽ ഇന്ത്യയുടെ ബാറ്റിങ് വൈകിട്ട് മൂന്നരക്ക് ലീഡ്സിൽ പുനരാരംഭിക്കും. ഇന്നലെ കളി അവസാനിക്കുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 90 റൺസെടുത്തിരുന്നു.

ഒന്നാം ഇന്നിങ്സിൽ ഇംഗ്ലണ്ടിനെ 465 റൺസിന് പുറത്താക്കി ഇന്ത്യ ആറു റൺസിന്റെ ലീഡ് നേടിയിരുന്നു.

✪✪✪

ഏഷ്യൻ കപ്പ് വനിത ഫുട്ബോൾ യോഗ്യത പോരാട്ടത്തിൽ ഇന്ത്യ ഇന്ന് മംഗോളിയയെ നേരിടും. തായ്‌ലാന്റിലെ ചിയാങ് മാങ് സ്റ്റേഡിയത്തിൽ ഉച്ചക്ക് രണ്ടരക്കാണ് മത്സരം.

✪✪✪

78-ാമത് സീനിയർ നാഷണൽ അക്വാറ്റിക് ചാമ്പ്യൻഷിപ്പിന് ഭുവനേശ്വർ കലിംഗ സ്റ്റേഡിയത്തിലെ ഇൻഡോർ അക്വാറ്റിക് സെന്ററിൽ തുടക്കമായി. സ്വിമ്മിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ രാജ്യത്തെ 400-ലധികം താരങ്ങൾ മാറ്റുരയ്ക്കും.

✪✪✪

ജൈവവൈവിധ്യങ്ങളുടെ കലവറയായ ആറളം വന്യജീവി സങ്കേതത്തെ സംസ്ഥാനത്തെ ആദ്യത്തെ ചിത്രശലഭ - വന്യജീവി സങ്കേതമാക്കി പുനർ നാമകരണം ചെയ്തു. വന്യജീവി ബോർഡാണ് കഴിഞ്ഞ ദിവസം ആറളത്തെ ശലഭസങ്കേതമായി പ്രഖ്യാപിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)...........

✪✪✪

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

അടിയന്തരാവസ്ഥ കാലത്തെ ജനാധിപത്യ ധ്വംസനങ്ങളെക്കുറിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകർന്നു കൊടുക്കണമെന്ന് ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള അഭിപ്രായപ്പെട്ടു. 'അടിയന്തരാവസ്ഥ പാഠവും പഠനവും' എന്ന വിഷയത്തിൽ 'വിജിൽ ഹ്യൂമൻ റൈറ്റ്സ്' കോഴിക്കോട് സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീധരൻപിള്ള.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി നാളെ നടത്തും. നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധനയും നാളെ ആണ്.

കുറുമാത്തൂർ ഇല്ലത്തെ നായ്ക്കർ സ്ഥാനികനാണ് ആലിംഗന പുഷ്പാഞ്ജലി നടത്തുന്നത്. ഈ മാസം 30 വരെ ആണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

കണ്ണൂർ മലപ്പട്ടത്ത് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിക്കുന്ന ഗാന്ധിയാത്രയും ഗാന്ധി പ്രതിമ അനാഛാദനവും നാളെ നടത്തും. ഈ മാസം ആറിന് നടത്താനിരുന്ന പരിപാടി KPCC മുൻ പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ളയുടെ നിര്യാണത്തെ തുടർന്നാണ് മാറ്റിയത്. KPCC പ്രസിഡന്റ് സണ്ണി ജോസഫും, പാർട്ടിയിലെ പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

പ്രമുഖ മതപണ്ഡിതൻ ശൈഖുന അഹമ്മദ് മാണിയൂർ അന്തരിച്ചു. 85 വയസ്സായിരുന്നു. സുന്നി പ്രസ്ഥാനത്തിന്റെ ഭാരാവാഹിയാണ്. കബറടക്കം വൈകിട്ട് 3.45 ന് കണ്ണൂർ മാണിയുർ ചെറുവത്തല മൊട്ട ഖബർസ്ഥാനിൽ നടത്തും.

✪✪✪

I.T മേഖലയിലെ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് ഇന്ന് പബ്ലിക് ഹിയറിങ് ആരംഭിച്ചു. UL സൈബർ പാർക്കിൽ കമ്മീഷൻ ചെയർപേഴ്സൺ P. സതീദേവി ഉദ്ഘാടനം ചെയ്തു.

✪✪✪

കൊയിലാണ്ടിയിൽ പുലർച്ചെ വൈദ്യൂതി കേബിളിന് തീ പിടിച്ചു. കൊയിലാണ്ടിയിൽ നിന്നും അഗ്നിരക്ഷാസേന തീ അണച്ചു. ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് സംശയിക്കുന്നു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*NRT: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ, ശരണ്യ രാജൻ*
*DEO: ഷീബ*